# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1905** | 08.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടിയുടെ ഗുണങ്ങളും ദോഷങ്ങളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പാക്കിയതു കാരണം സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ഗുണങ്ങളും ദോഷങ്ങളും, എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; ജി.എസ്.ടി നടപ്പിലാക്കിയത് കാരണം ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയും വരുമാന നഷ്ടവും വിശദമാക്കാമോ; | (എ) യും (ബി) യും | ജി.എസ്.ടി നടപ്പാക്കിയതു മൂലം നികുതിയ്ക്കു മേൽ നികുതി ഒഴിവായി. അന്തർ സംസ്ഥാന വാങ്ങലിനു ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്കു സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉല്പന്നങ്ങൾക്ക് പൊതുവെ വിലക്കുറവുണ്ടാകേണ്ടതാണ്. ചരക്കു സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാ പരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബലപ്പെടുത്തിയിട്ടുണ്ട്.<br>അമിത ലാഭം ഈടാക്കുന്നതിന് പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. താമസംവിനാ തുടർ നടപടികൾ ഉണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ജി.എസ്.ടി നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം.<br>ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതു പോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള |
| (ബി) | സംസ്ഥാനത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടത്തിന് കേന്ദ്രത്തിൽ നിന്ന് എന്തെല്ലാം പരിഹാരമായിരുന്നു വാഗ്ദാനം ചെയ്തത് എന്നത് വിശദമാക്കാമോ;എങ്കിൽ അർഹമായ സഹായങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ? | | |

| | | | |
|---|---|---|---|
| | | | കാലതാമസം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനെ ബാധിച്ചിട്ടുണ്ട്. പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. അതിനാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.<br>ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അടുത്ത 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം മൂലമുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വിതരണം ചെയ്യപ്പെടാതെ കിടക്കുന്ന ഐ.ജി.എസ്.ടി ക്രെഡിറ്റിന്റെ ഒരു വിഹിതമായി 736 കോടി രൂപ 10 തവണകളായി ഐ.ജി.എസ്.ടി ക്രെഡിറ്റ് സെറ്റിൽമെന്റിൽ നിന്നും തിരിച്ചുപിടിക്കുമെന്ന വ്യവസ്ഥയിൽ ഫെബ്രുവരിയിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**